**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4727** **11-08-2021 - ൽ മറുപടിയ്ക്ക്**

**ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | 2020 മാർച്ച് 23-ന് ലോക്ക് ഡൗൺ പ്രഖ്യാപിച്ചതിന് ശേഷം മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ഇതര സംസ്ഥാന തൊഴിലാളികളെ താമസിപ്പിക്കുന്നതിനായി എത്ര ക്യാമ്പുകൾ തുറന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനമൊട്ടാകെ 21556 ക്യാമ്പുകൾ സജ്ജീകരിച്ച് 434280 അതിഥി തൊഴിലാളികൾക്ക് സമ്പൂർണ്ണമായ സുരക്ഷയും ക്ഷേമവും ഉറപ്പാക്കി. |
| (ബി) | ഏത് വകുപ്പിന്റെ ചുമതലയിലാണ് ക്യാമ്പുകൾ പ്രവർത്തിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ജില്ലാ ഭരണകൂടം, റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പ്, തൊഴിൽ വകുപ്പുകളുടെ സംയുക്തമായ സഹകരണത്തോടെയാണ് ക്യാമ്പുകൾ പ്രവർത്തിപ്പിച്ചിരുന്നത്. |
| (സി) | മേൽപ്പറഞ്ഞ ക്യാമ്പിനായി എത്ര രൂപയാണ് ചെലവാക്കിയിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ? | (സി) | അതിഥി തൊഴിലാളികൾക്ക് ഭക്ഷണവും ക്യാമ്പുകളിൽ ടെലിവിഷൻ, കാരംബോർഡ്, ചെസ്സ്ബോർഡ് തുടങ്ങിയ വിനോദോപാധികൾ നൽകുന്നതിനുമായി തൊഴിൽ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, ജില്ലാ ഭരണകൂടം ഉൾപ്പെടെ എല്ലാ വകുപ്പുകളും പ്രത്യേകമായാണ് ഫണ്ട് ചെലവഴിച്ചിട്ടുള്ളത്. തൊഴിൽ വകുപ്പ് ജില്ലകൾക്ക് അനുവദിച്ച തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. ജില്ല ചെലവഴിച്ച തുക തിരുവനന്തപുരം - 15,26,000 കൊല്ലം - 11,35,320 പത്തനംതിട്ട- 7,76,080 ആലപ്പുഴ- 9,89,362 കോട്ടയം- 11,77,386 ഇടുക്കി- 6,10,000 എറണാകുളം- 21,36,041 തൃശ്ശൂർ- 5,13,792 പാലക്കാട്- 11,70,930 മലപ്പുറം- 8,57,756 കോഴിക്കോട്- 8,75,129 വയനാട്- 4,97,618 കണ്ണൂർ- 17,05,400 കാസറഗോഡ്- 6,50,000 ആകെ- 1,46,20,814/- |

സെക്ഷൻ ഓഫീസർ